**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 180

26.9.2011 ൽ
മറുപടിയ്ക്ക്

## ഓണച്ചന്തകളും ക്രോസ് സബ്സിഡിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ ; | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ഓണച്ചന്തകൾ നടത്തിയിരുന്നു; ഈ ഓണക്കാലത്ത് സിവിൽ സപ്ലൈസ് ഓണച്ചന്തകളിലൂടെ എത്ര വിറ്റുവരവുണ്ടായെന്ന് വ്യക്തമാക്കുമോ ; | എ) ഈ ഓണക്കാലത്ത് 152 പ്രത്യേക ഓണച്ചന്തകൾ, ഓണം മെട്രോ പീപ്പിൾസ് ബസാർ, ടൗൺ പീപ്പിൾസ് ബസാർ, ഓണം മാർക്കറ്റ് എന്നിവ നടത്തിയിരുന്നു. ഈ ചന്തകൾ വഴി 11 കോടിയിലധികം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്. |
| ബി) 2010 -ലെ ഓണക്കാലത്തേതിൽ നിന്ന് വ്യത്യസ്തമായി ഈ വർഷത്തെ ഓണക്കാലത്ത് സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിലൂടെയും പൊതു വിപണികളിലൂടെയും വിറ്റ നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരത്തിൽ ജനങ്ങൾക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നു ; | ബി) ഓണച്ചന്തകൾ വഴി പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്തു. പൊതുവിപണിയേക്കാൾ ശരാശരി 50% കുറഞ്ഞ നിരക്കിലാണ് അവശ്യസാധനങ്ങൾ വിതരണം ചെയ്തത്. സോർട്ടക്സ് ഇനത്തിലുള്ള പച്ചരി, ബോധന, മട്ട എന്നിവ കി.ഗ്രാമിന് 16 രൂപ നിരക്കിലും പഞ്ചസാര കി.ഗ്രാമിന് 25 രൂപ നിരക്കിലും കാർഡുടമകൾക്ക് വിതരണം ചെയ്തു. വിതരണം ചെയ്യുന്ന ആവശ്യസാധനങ്ങളുടെ ഗുണനിലവാരം കർശനമായി പാലിക്കാൻ ആവശ്യമായ നടപടികളെടുത്തിരുന്നു. |
| സി) മാവേലി സ്റ്റോറുകളിൽ ക്രോസ് സബ്സിഡി സമ്പ്രദായം നിലവിലുണ്ടോ ; വ്യക്തമാക്കുമോ ? | സി) മാവേലി ഇനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമ്പോഴുള്ള നഷ്ടം മുഴുവനായി നികത്താൻ സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക വഴി കഴിയാറില്ല. ഈ സാഹചര്യത്തിൽ മറ്റ് സാധനങ്ങൾ വിൽപ്പന നടത്തുമ്പോൾ ലഭിക്കുന്ന ലാഭം സപ്ലൈകോയുടെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാറുണ്ട്. ആയത് ഇപ്പോഴും തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ